(സി) നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ കമ്പനിയുടെ എം. ഡി.യെ ലാഭത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് കമ്പനിയുടെ എം.ഡി. ആയി നിയമനം കൊടുക്കുകയും റിട്ടയർമെന്റ് കാലാവധി കഴിഞ്ഞും സർവ്വീസ് നീട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ടോ;

(ഡി) ഇദ്ദേഹത്തിന് ഈ കമ്പനി മാനേജരായിരിക്കാൻ, ടെക്നിക്കൽ ക്വാളിഫിക്കേഷനോ കമ്പനി ലാഭത്തിൽ നടത്തി മുൻപരിചയമോ ഇല്ലാതിരുന്നിട്ടും ഇപ്രകാരം നിയമനം നൽകാനും കാലാവധി നീട്ടിക്കൊടുക്കാനും കാരണം എന്തായിരുന്നു എന്ന് അറിയിക്കുമോ;

(ഇ) ഇപ്പോഴും കമ്പനി ലാഭത്തിലാണോ പ്രവർത്തിക്കുന്നത്;

(എഫ്) ഇതു സംബന്ധിച്ച കണക്കുകളുടെ നിജസ്ഥിതി പരിശോധിച്ച് യഥാർത്ഥത്തിൽ കമ്പനിക്ക് ലാഭമുണ്ടാകുന്നുണ്ടോ എന്ന് സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പരിശോധിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിൽ താഴെപ്പറയുന്ന നാല് കമ്പനികൾ കെൽട്രോണിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

1. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്.
2. കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ്
3. കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ്
4. കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്.

(ബി) രണ്ടെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു.

(സി) കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവായിരുന്ന ശ്രീ. കെ.പി.എൻ. കുട്ടിയെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ എം.ഡി. ആയി നിയമിക്കുകയും, കാലാവധി കഴിഞ്ഞ് സർവീസ് നീട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇദ്ദേഹത്തിന് കമ്പനി നടത്തിപ്പിന് ആവശ്യമായ ക്വാളിഫിക്കേഷനും പ്രവർത്തന പരിചയവും ഉണ്ട്.

(ഇ) അതെ.

(എഫ്) സ്വതന്ത്ര ഏജൻസികളായ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സും സി.ആന്റ് എ.ജി.യും യഥാസമയങ്ങളിൽ കണക്കുകളുടെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾക്കു നൽകിയ സാമ്പത്തിക സഹായം

8 (1347) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പൊതുമേഖലാ സ്ഥാപനത്തിനും കഴിഞ്ഞ നാലു വർഷത്തിനിടയിൽ നൽകിയിട്ടുള്ള സാമ്പത്തിക സഹായങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലഘട്ടത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര പേർക്ക് പുതിയതായി തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര തൊഴിലാളികളെ വോളന്ററി റിട്ടയർമെന്റ് സ്കീമനുസരിച്ച് ആനുകൂല്യം നൽകി വിട്ടയച്ചിട്ടുണ്ട്; ഓരോ സ്ഥാപനങ്ങളുടെയും വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

കെൽടെക്കിന്റെ പുനരുദ്ധാരണം

9 (1349)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. ജോസഫ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽടെക്കിന്റെ പുനരുദ്ധാരണത്തിന് ഗ്രാന്റ് അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ എന്തു തുകയാണ് ഗ്രാന്റായി ആവശ്യപ്പെട്ടത്;

(സി) ഐ.എസ്.ആർ.ഒ.യിൽ നിന്നോ കേന്ദ്രഗവൺമെന്റിന്റെ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ കെൽടെക്കിന്റെ പുനരുദ്ധാരണാർത്ഥം മുൻകൂറായി എന്തെങ്കിലും തുക ലഭിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നുവോ;

(ഡി) എങ്കിൽ ലഭിച്ചുവോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) 3221.16 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ആവശ്യപ്പെട്ടിരുന്നത്. പക്ഷേ ധനസഹായം ഒന്നുംതന്നെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(സി)&(ഡി) ഐ.എസ്.ആർ.ഒ.യിൽനിന്നും രാജ്യരക്ഷാ വകുപ്പിന്റെ കീഴിലുള്ള ഡി.ആർ.ഡി.ഒ. യിൽനിന്നും 10 കോടി രൂപവീതം (മൊത്തം 20 കോടി) മുൻകൂറായി തരണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക ഇതുവരെ ലഭിച്ചിട്ടില്ല. കമ്പനിയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

എസ്.എസ്.ഐ. രജിസ്ട്രേഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

10 (1350)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർ നൽകുന്ന എസ്.എസ്.ഐ. രജിസ്ട്രേഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly